## എക്സൈസ് കമ്മീഷണറുടെ നടപടിക്രമം, കേരള, തിരുവനന്തപുരം
## (സാന്നിദ്ധ്യം-എസ്. ആനന്ദകൃഷ്ണൻ. ഐ.പി.എസ്)

വിഷയം-എക്സൈസ് ഭരണപരം-ആലപ്പുഴ ഡിവിഷനിലെ പ്രിവന്റീവ് ഓഫീസർമാരുടെ 01.01.2009 മുതൽ 19.08.2011 വരെയുള്ള സീനിയോരിറ്റി ലിസ്റ്റ് അന്തിമമായി പ്രസിദ്ധീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം-1. 08.10.2015-ലെ 7180/എഫ്.1/13/ടി.ഡി നമ്പർ സർക്കാർ കത്ത്.
2. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഒ.എ(ഇ.കെ.എം) 2020/2017 നമ്പർ അന്യായത്തിലെ 19/09/2017-ലെ ഇടക്കാല ഉത്തരവ്
3. ഈ ഓഫീസിലെ 21.03.2019-ലെ EXC/1074/2016/XD3-ALP നമ്പർ നടപടിക്രമം.
4. ആലപ്പുഴ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറുടെ 26.04.2019, 15.03.2019 എന്നീ തീയതികളിലെ എ.3-3099/16 നമ്പർ കത്തുകൾ.

## ഉത്തരവ് നമ്പർ EXC/1074/16/XD3-എ.എൽ.പി തീയതി 19.10.2019.

ആലപ്പുഴ ഡിവിഷനിലെ പ്രിവന്റീവ് ഓഫീസർമാരുടെ 01.01.2009 മുതൽ 19.08.2011 വരെയുള്ള പ്രൊവിഷണൽ സീനിയോരിറ്റി ലിസ്റ്റ് പരാമർശം (3) പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. പ്രസ്തുത ലിസ്റ്റിനെതിരെ നിരവധിപേർ ആക്ഷേപം ഉന്നയിക്കുകയുണ്ടായി. പരാതിക്കാരുടെ ആവശ്യം പരിഗണിച്ച് നിവേദകരെ 16.08.2019-ൽ നേരിൽ കേൾക്കുകയുണ്ടായി. ഹിയറിങ്ങിന് പ്രിവന്റീവ് ഓഫീസർമാരായ സ/ശ്രീ. സുമേഷ്.പി.എം, ബാബു.എൻ, ഫെമിൻ.ജി, എൻ.ശ്രീകണ്ഠൻ, പ്രിയലാൽ, സിജോ.സി.കെ, കെ.വി.ബിജു, കെ.ബിജു, എച്ച്.നാസർ, ആലപ്പുഴ ഡിവിഷൻ ഓഫീസിലെ ബന്ധപ്പെട്ട വിഷയം കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥനായ ശ്രീ.മണിയനാചാരി എന്നിവർ ഹാജരായി.

(2) പ്രിവന്റീവ് ഓഫീസർമാരായ സ/ശ്രീ.പി.എം.സുമേഷ്, റ്റി.പ്രിയലാൽ, ജി.ഫെമിൻ, എൻ.ബാബു, സി.കെ.സിജോ എന്നിവർ സമർപ്പിച്ച പരാതിയിൽ താഴെപ്പറയുന്ന ആക്ഷേപങ്ങൾ ഉന്നയിക്കുകയുണ്ടായി.

പ്രൊവിഷണൽ സീനിയോരിറ്റി ലിസ്റ്റിലെ ക്രമ നം. 1 മുതൽ 8 വരെയുള്ള അസൈൻമെന്റ്, ക്രമ നം. 40-ന് നേരെയുള്ള അസൈൻമെന്റ് എന്നിവ സീനിയോരിറ്റി ലിസ്റ്റിന്റെ കാലയളവിൽ അല്ല. 03.06.2008 തീയതിയിൽ ജില്ലയിലെ പ്രിവന്റീവ് ഓഫീസർമാരുടെ കേഡർ സ്ട്രെങ്ത് 67 ആകയാൽ 3:1 അനുപാതത്തിൽ പ്രൊമോട്ടീസ് 51-ഉം, ഡയറക്ട് പ്രിവന്റീവ് ഓഫീസർമാർ 16 എണ്ണവും ഉണ്ടാകേണ്ടതാണ്. എന്നാൽ ടി തീയതിയിൽ ഡയറക്ട് പ്രിവന്റീവ് ഓഫീസർമാർ 5 പേരെ ഉണ്ടായിരുന്നുള്ളൂ. ആകയാൽ 11 ഡയറക്ട് പ്രിവന്റീവ് ഓഫീസർമാരുടെ ഒഴിവ് ടി കാലയളവിൽ ഉണ്ടായിരുന്നെങ്കിലും 7 ആർ.എഫ്.ഡി.ആർ മാത്രമാണ് മുൻ സീനിയോരിറ്റി ലിസ്റ്റുകളിൽ മാറ്റി വച്ചിട്ടുള്ളത്.

ആകയാൽ പരാമർശിത സ്നിയോരിറ്റി ലിസ്റ്റിൽ ആരംഭത്തിൽ 4 ആർ.എഫ്.ഡി.ആർ ഒഴിവ് നീക്കി വയ്ക്കണം. 01.01.2009 മുതൽ 19.08.2011 വരെയുള്ള കാലയളവിൽ 20 ഒഴിവുകളാണുള്ളത്. ആകയാൽ അംഗബലം മറികടന്ന് അധികമായി നൽകിയിട്ടുള്ള 10 അസൈൻമെന്റ് ഒഴിവാക്കണം. 11 ആർ.എഫ്.ഡി.ആർ ഒഴിവുകളിൽ 10 പേർക്ക് പി.എസ്.സി നിയമന ശുപാർശ പ്രകാരം നിയമനം നൽകിയിട്ടുള്ളതാണ്. ശേഷിക്കുന്ന ഒരു ഒഴിവിൽ സ്ഥാനക്കയറ്റംമൂലം നിയമനം ലഭിക്കുന്നയാൾക്ക് ബഹു.കോടതിയുടെ പരിഗണനയിലുള്ള കേസുകളുടെ അന്തിമ തീർപ്പിന് വിധേയമായി മാത്രമേ അസൈൻമെന്റ് നൽകാൻ പാടുള്ളൂ. പ്രൊവിഷണൽ സീനിയോരിറ്റി ലിസ്റ്റിലെ ക്രമ നം. 1 മുതൽ 11 വരെയും 14 മുതൽ 18 വരെയും ഉള്ള പേരുകൾക്ക് നേരെയുള്ള വേക്കൻസി ഒക്കറൻസ് മുൻ സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. ആകയാൽ ആയത് പരാമർശിത ലിസ്റ്റിൽ നിന്നും ഒഴിവാക്കണം. താത്ക്കാലിക സ്ഥാനക്കയറ്റങ്ങൾക്ക്, ടി തസ്തികയിലേക്ക് സ്പെഷ്യൽ റൂൾസ് അനുശാസിക്കും പ്രകാരമുള്ള റഗുലർ പ്രൊമോഷന് അർഹതയുള്ള തീയതിയിൽ മാത്രമേ അസൈൻമെന്റ് നൽകാവൂ. സീനിയോരിറ്റി ലിസ്റ്റിലെ ക്രമ നം. 32 പി.ബിനേഷിന്റെ പ്രൊമോഷൻ തസ്തികയിലെ വേക്കൻസി ഒക്കറൻസ് വ്യക്തമായി പരാമർശിക്കണം. സീനിയോരിറ്റി ലിസ്റ്റിന്റെ കാലയളവിൽ 7 റിട്ടേർമെന്റ് ഒഴിവുകളിലേക്കും അസൈൻമെന്റ് നൽകിയിട്ടില്ല. കൂടാതെ പ്രൊവിഷണൽ സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെടെ 2 പേരുടെ റിട്ടയർമെന്റ് ഒഴിവുകളും പരിഗണിച്ചിട്ടില്ലാത്തതാണ്. 19.06.2009-ൽ മരണപ്പെട്ട പി.ജി.ഗോപകുമാറിന് ടി തീയതിയിൽ പ്രിവന്റീവ് ഓഫീസർ തസ്തികയിൽ അസൈൻമെന്റ് ലഭിച്ചിട്ടില്ലാത്തതിനാൽ ടിയാന്റെ മരണംമൂലമുണ്ടായ ഒഴിവിന് അസൈൻമെന്റ് നൽകാനാകില്ല. ക്രമ നം. 30 ഒഴിവിനായി പരിഗണിച്ചിട്ടുള്ള വി.ഡി.തിലകപ്പന് അസി.എക്സൈസ് ഇൻസ്പെക്ടർ തസ്തികയിൽ അസൈൻമെന്റ് നൽകിയിട്ടില്ല. ആകയാൽ ടിയാന്റെ റിട്ടയർമെന്റ് ഒഴിവ് മാത്രമേ അസൈൻമെന്റിന് പരിഗണിക്കാവൂ. ക്രമ നം. 33 വി.പി.രാജുവിന് അസി.എക്സൈസ് ഇൻസ്പെക്ടർ തസ്തികയിൽ അസൈൻമെന്റ് ലഭിച്ചിട്ടുള്ള 09.07.2010 തീയതി മാത്രമേ അസൈൻമെന്റിന് പരിഗണിക്കാവൂ.

(3) പ്രിവന്റീവ് ഓഫീസർ ശ്രീ.കെ.ബിജു സമർപ്പിച്ച പരാതിയിൽ ഉന്നയിച്ച ആക്ഷേപങ്ങൾ ചുവടെചേർക്കുന്നു.

04.06.2008-ലെ ഉത്തരവിൻ പ്രകാരം പ്രിവന്റീവ് ഓഫീസർമാരുടെ നേരിട്ടുള്ള നിയമനം നിർത്തിയിട്ടുള്ളതിനാൽ ടി തീയതിക്ക് ശേഷം കേഡർ സ്ട്രെങ്ത് പരിഗണിക്കേണ്ടതില്ല. 21.08.2009 തീയതിയിൽ പ്രൊമോഷൻ ലഭിച്ച തീയതി തന്നെ അസൈൻമെന്റ് നൽകണം. കേഡർ സ്ട്രെങ്ത് പ്രകാരം 16 ഡയറക്ട് പ്രിവന്റീവ് ഓഫീസർമാർ മാത്രമേ പാടുള്ളൂ. ഡയറക്ട് പ്രിവന്റീവ് ഓഫീസർമാർ ഉണ്ടായിരിക്കെയാണ് 10

വേക്കൻസികൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. 2009 വർഷത്തിൽ മാത്രം പ്രൊമോഷൻ നേടിയ 21 പേർ തിരുവനന്തപുരം ജില്ലയിൽ നിന്നും മുൻ സീനിയോരിറ്റി ലിസ്റ്റിൽ ക്രമവിരുദ്ധമായി സ്ഥാനം പിടിച്ച് അസി. എക്സൈസ് ഇൻസ്പെക്ടർ, എക്സൈസ് ഇൻസ്പെക്ടർ തസ്തികകളിലേക്ക് പ്രൊമോഷൻ നേടിയിട്ടുള്ളതായും ടിയാൻ ആരോപിക്കുന്നു. ആകയാൽ 08.10.2015-ലെ 7180/എഫ്.1/13/ടി.ഡി നമ്പർ സർക്കാർ കത്തിലെ നിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ സീനിയോരിറ്റി ലിസ്റ്റ് തയ്യാറാക്കണം. പ്രൊവിഷണൽ പ്രൊമോഷനുകൾക്ക്, ടി തസ്തികയിലേക്ക് സ്പെഷ്യൽ റൂൾ അനുശാസിക്കും പ്രകാരമുള്ള റഗുലർ ഒഴിവ് നിലവിൽ വരുന്ന തീയതി പ്രാബല്യത്തിൽ മാത്രമേ അസൈൻമെന്റിന് പരിഗണിക്കാനാകൂ.

(4) ഇതുകൂടാതെ താഴെപ്പറയുന്ന പ്രിവന്റീവ് ഓഫീസർമാരുടെ പരാതികൾ ഇപ്രകാരമാണ്.

(i) പ്രിവന്റീവ് ഓഫീസർ ശ്രീ.എൻ.ബാബു അക്കൗണ്ട് ടെസ്റ്റ് (ലോവർ ആന്റ് ഹയർ) പാസ്സായിട്ടുണ്ട്. ആയത് ചേർക്കണം. 3 ആർ.എഫ്.ഡി.ആർ ഒഴിവ് നീക്കി വയ്ക്കണം.

(ii) പ്രിവന്റീവ് ഓഫീസർ ശ്രീ.ഫെമിൻ.ജി അക്കൗണ്ട് ടെസ്റ്റ് (ലോവർ) പാസ്സായിട്ടുണ്ട്. ആയത് സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തണം.

(iii) പ്രിവന്റീവ് ഓഫീസർ ശ്രീ.കെ.വി.ബിജു സമർപ്പിച്ച പരാതിയിൽ എം.ഒ.പി പാസ്സായിട്ടുണ്ട്. ആയത് ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ ശുപാർശചെയ്തിട്ടുള്ളതാണ്.

ലഭ്യമാക്കിയിട്ടുള്ള രേഖകളുടെ അടിസ്ഥാനത്തിൽ ടി പ്രിവന്റീവ് ഓഫീസർമാരുടെ ആവശ്യം അംഗീകരിച്ചുത്തരവാകുന്നു.

(5) പ്രിവന്റീവ് ഓഫീസർ ശ്രീ.എൻ.ശ്രീകണ്ഠൻ സമർപ്പിച്ച പരാതിയിൽ പ്രിവന്റീവ് ഓഫീസർ തസ്തികയിലേക്ക് യഥാസമയം പ്രൊമോഷൻ കിട്ടിയില്ല. വേക്കൻസി ഉണ്ടായിരുന്നിട്ടും മുൻ സീനിയോരിറ്റി കാലയളവിൽ ടിയാൾക്ക് പ്രൊമോഷൻ നൽകുകയുണ്ടായില്ല. പ്രിവന്റീവ് ഓഫീസർ ശ്രീ.കിഷോർകുമാർ സമർപ്പിച്ച പരാതിയിൽ ടിയാന്റെ പ്രൊമോഷൻ തീയതി തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു. ആയത് തിരുത്തണം.

(6) ലഭ്യമായ രേഖകൾ പരിശോധിച്ചതിൽ 01.01.2009 മുതൽ 19.08.2011 വരെയുള്ള കാലയളവിൽ ആലപ്പുഴ ഡിവിഷനിൽ പ്രിവന്റീവ് ഓഫീസർമാരുടെ റിട്ടയർമെന്റിലൂടെ 16 വേക്കൻസി, പ്രൊമോഷനിലൂടെ 7 വേക്കൻസി, ഒരു പ്രിവന്റീവ് ഓഫീസർ മരണപ്പെട്ടതിലൂടെ ഒരു വേക്കൻസിയും, 10 ഡയറക്ട് പ്രിവന്റീവ് ഓഫീസർമാരുടെ വേക്കൻസിയും ഉൾപ്പെടെ ആകെ 34 ഒഴിവുകളാണുള്ളത്. ബഹു. ഹൈക്കോടതിയിൽ ശ്രീ.കിഷോർകുമാർ

ഉൾപ്പെടെയുള്ള എക്സൈസ് ഗാർഡുകൾ ഫയൽ ചെയ്ത ഡബ്ല്യൂ.പി.സി നം. 6533 of 2011, 37350 & 37302 of 2010 നമ്പർ കേസുകളിൽ 25.05.2011-ലെ അന്തിമവിധിയുടെ അടിസ്ഥാനത്തിൽ സ/ശ്രീ. അബ്ദുൾ റഷീദ്, കെ.വിജയകുമാർ, പി.എൻ.പുരുഷോത്തമൻ, പി.ദിലീപ്, എൻ.രമേശൻ, എൻ.കിഷോർകുമാർ, പി.ബിനേഷ് എന്നിവർക്ക് ഫീസർ തസ്തികയിലെ ടിയാൻമാരുടെ സീനിയോരിറ്റി ക്രമത്തിൽ, നേരിട്ട് നിയമനം ലഭിച്ച പ്രിവന്റീവ് ഓഫീസർക്കു ശേഷം, അവശേഷിക്കുന്ന ഒഴിവുകളിൽ ഉൾക്കൊള്ളിച്ച് ഉത്തരവാകുന്നു.

(7) മേൽപ്പറഞ്ഞ വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ പരാമർശം (3) പ്രകാരം പ്രസിദ്ധീകരിച്ച പ്രൊവിഷണൽ സീനിയോരിറ്റി ലിസ്റ്റിൽ ആവശ്യമായ ഭേദഗതി വരുത്തിയും അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ(ഗ്രേഡ്)മാരായ സ/ശ്രീ.എസ്.രാധാകൃഷ്ണൻ, പ്രസാദ് മാത്യു എന്നിവർ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്തിട്ടുള്ള ഒ.എ(ഇ.കെ.എം) 2020/2017 നമ്പർ അന്യായം ഉൾപ്പെടെ എക്സൈസ് വകുപ്പിലെ പ്രിവന്റീവ് ഓഫീസർ/അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർമാരുടെ സീനിയോരിറ്റിയുമായി ബന്ധപ്പെട്ട് വിവിധ കോടതികളിൽ നിലവിലുള്ള കേസുകളുടെ അന്തിമ വിധിക്ക് വിധേയമായും ആലപ്പുഴ ഡിവിഷനിലെ എക്സൈസ് പ്രിവന്റീവ് ഓഫീസർമാരുടെ 01/01/2009 മുതൽ 19/08/2011 വരെയുള്ള സീനിയോരിറ്റി ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കും പ്രകാരം അന്തിമമായി പ്രസിദ്ധീകരിച്ച് ഉത്തരവാകുന്നു.

ഒപ്പ്/-
എക്സൈസ് കമ്മീഷണർ

ഗ്രാഹകൻ

വ്യക്തികൾക്ക്

പകർപ്പ്

1. അഡീഷണൽ എക്സൈസ് കമ്മീഷണർ (ഭരണം/എൻഫോഴ്സ്മെന്റ്)
2. എക്സൈസ് വിജിലൻസ് ഓഫീസർ
3. ജോയിന്റ് എക്സൈസ് കമ്മീഷണർ (എല്ലാം)
4. ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ (എല്ലാം)
5. വെബ്സൈറ്റ്
6. ഉത്തരവ് ഫയൽ/കരുതൽ ഫയൽ

അംഗീകാരത്തോടെ

സൂപ്രണ്ട്

എസ്.ജെ/21.10.19

Appended to Order No. EXC/1074/2016-XD3-ALP dated : 19/10/2019

# FINAL SENIORITY LIST OF PREVENTIVE OFFICERS FOR THE PERIOD FROM 01/01/2009 to 19/08/2011

## ALAPPUZHA DIVISION

**Cadre Strength as on 01/01/2009 : 67** **Cadre Strength as on 19/08/2011 : 67**

| Sl. No. | Name | Academic Qualification (SSLC/Not) | Date of Birth | Date of Commencement of Service | Test Qualifications | Date on which fully qualified for the post of Preventive Officer | Date of assignment in the post of Preventive Officer | Date of Advice/ Occurence of Vacancy in the cadre of Preventive Officer | Nature of Occurrence *(Retirement/ Promotion/ Death/ Creation)* | Date on which Promoted/ Appointed to the cadre of Preventive Officers |
|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| 1 | Animon Antony | SSLC | 14-05-1972 | 23-04-1992 | PO Test | 01-04-2002 | 01-03-2009 | 01-03-2009 | Retirement of Gopalakrishnan Nair P. | 30-11-2007 |
| 2 | O.V. Joseph | SSLC | 08-11-1955 | 08-11-1983 | PO Test |  | 01-07-2009 | 01-07-2009 | Promotion of Sreemani V.P. | 03-12-2007 |
| 3 | G. Femin | BSc | 07-04-1985 | 22-09-2010 | A/c Test-L Ex.Test, MOP | 29-03-2010 | 29-03-2010 | 29-03-2010 | Direct Recruitment | 22-09-2010 |
| 4 | Joyal Vargheese |  |  | 22-09-2010 |  | 29-03-2010 | 29-03-2010 | 29-03-2010 | Direct Recruitment | 22-09-2010 |
| 5 | S. Satheesh | SSLC | 27-03-1978 | 22-09-2010 | A/c Test Ex.Test, MOP | 29-03-2010 | 29-03-2010 | 29-03-2010 | Direct Recruitment | 22-09-2010 |
| 6 | N. Babu | Degree | 09-04-1981 | 22-09-2010 | A/c Test-H Ex.Test, MOP | 29-03-2010 | 29-03-2010 | 29-03-2010 | Direct Recruitment | 22-09-2010 |
| 7 | P.C. Gireesh | SSLC | 10-04-1984 | 22-09-2010 | Ex.Test, MOP | 29-03-2010 | 29-03-2010 | 29-03-2010 | Direct Recruitment | 22-09-2010 |
| 8 | T.A. Pramod | Degree | 30-05-1981 | 22-09-2010 | A/c Test-H Ex.Test, MOP | 29-03-2010 | 29-03-2010 | 29-03-2010 | Direct Recruitment | 22-09-2010 |
| 9 | P.M. Sumesh | BCom | 25-07-1981 | 22-09-2010 | A/c Test Ex.Test, MOP | 29-03-2010 | 29-03-2010 | 29-03-2010 | Direct Recruitment | 22-09-2010 |
| 10 | A. Kunjumon | SSLC | 02-05-1979 | 22-09-2010 | MOP | 29-03-2010 | 29-03-2010 | 29-03-2010 | Direct Recruitment | 22-09-2010 |

Appended to Order No. EXC/1074/2016-XD3-ALP dated : 19/10/2019

| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
|---|---|---|---|---|---|---|---|---|---|---|
| 11 | T. Priyalal | BA | 31-05-1981 | 22-09-2010 | A/c Test-H Ex.Test, MOP | 29-03-2010 | 29-03-2010 | 29-03-2010 | Direct Recruitment | 22-09-2010 |
| 12 | K.P. Pramod | Diploma | 15-07-1977 | 22-09-2010 | A/c Test Ex.Test, MOP | 29-03-2010 | 29-03-2010 | 29-03-2010 | Direct Recruitment | 22-09-2010 |
| 13 | Abdul Rahman Kunju | BCom | 20-11-1956 | 29-09-1986 | A/c Test Ex.Test, MOP | 01-11-1998 | 01-04-2010 | 01-04-2010 | Promotion of Ajith Kumar K.B. | 05-07-2008 |
| 14 | K.C. Raveendran | SSLC | 22-05-1960 | 17-03-1990 | PO Test | 01-06-1997 | 01-04-2010 | 01-04-2010 | Retirement of Sasidharan T.K. | 05-07-2008 |
| 15 | C.A. Rahim | SSLC | 20-07-1963 | 02-04-1990 | PO Test | 01-01-1998 | 01-04-2010 | 01-04-2010 | Retirement of Radhakrishnan Nair M.S. | 03-11-2008 |
| 16 | Sasidharan Pillai | SSLC | 04-11-1955 | 24-01-1980 | PO Test | 01-04-1989 | 01-04-2010 | 01-04-2010 | Retirement of Sajeev Lal P.K. | 11-12-2008 |
| 17 | K.G. Prakashan | SSLC | 12-05-1955 | 10-02-1992 | PO Test | 01-06-1992 | 01-04-2010 | 01-04-2010 | Retirement of Joseph Xavier | 11-12-2008 |
| 18 | M. Abdul Salam | SSLC | 10-11-1956 | 28-09-1986 | PO Test | 01-09-1995 | 01-04-2010 | 01-04-2010 | Retirement of Satheesan M. | 24-12-2008 |
| 19 | P. Somaraj | PDC | 25-09-1960 | 29-08-1986 | PO Test | 01-05-1998 | 01-04-2010 | 01-04-2010 | Retirement of James K.J. | 01-01-2009 |
| 20 | J. Kochukosy | SSLC | 27-05-1973 | 11-12-1992 | PO Test |  | 01-05-2010 | 01-05-2010 | Promotion of Maheshan N. | 01-01-2009 |
| 21 | P.B. Joseph | SSLC | 06-12-1955 | 30-08-1990 | PO Test | 01-09-1996 | 13-06-2010 | 13-06-2010 | Death of O.V. Joseph | 01-03-2009 |
| 22 | A. Basheer | SSLC | 14-04-1961 | 28-03-1990 | PO Test | 01-12-1996 | 09-07-2010 | 09-07-2010 | Promotion of Raju V.P. | 19-06-2009 |
| 23 | H. Nazer | SSLC | 18-03-1974 | 10-05-1993 | MOP, PO Test | 01-07-2004 | 09-07-2010 | 09-07-2010 | Promotion of Reji B. | 21-08-2009 |

Appended to Order No. EXC/1074/2016-XD3-ALP dated : 19/10/2019

| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
|---|---|---|---|---|---|---|---|---|---|---|
| 24 | K.V. Biju | SSLC | 06-03-1971 | 08-06-1993 | MOP, PO Test | 01-12-1999 | 01-12-2010 | 01-12-2010 | Promotion of Thankachan T.V. | 21-08-2009 |
| 25 | K. Biju | SSLC | 30-05-1972 | 28-02-1994 | MOP, PO Test | 01-01-2000 | 01-12-2010 | 01-12-2010 | Promotion of Sudarsanan P.R. | 21-08-2009 |
| 26 | Y. Alexkutty | BA | 25-05-1960 | 02-06-1987 | MOP, PO Test | 01-05-1998 | 01-04-2011 | 01-04-2011 | Retirement of Thilakappan V.D. | 21-08-2009 |
| 27 | N. Viswanathan | BA | 22-01-1963 | 02-03-1989 | MOP, PO Test | 01-06-1997 | 01-04-2011 | 01-04-2011 | Retirement of Jacob Babu K.J. | 26-08-2009 |
| 28 | P.M. Sebastian | SSLC | 30-05-1959 | | MOP, PO Test | 01-08-1992 | 01-04-2011 | 01-04-2011 | Retirement of Ranadev V.B. | 23-06-2010 |
| 29 | N. Sreekandan | SSLC | 08-04-1968 | 11-11-1994 | PO Test | 01-06-2000 | 01-04-2011 | 01-04-2011 | Retirement of Narendran Nair N. | 23-06-2010 |
| 30 | Abdul Rasheed | SSLC | 10-04-1959 | 01-09-1989 | PO Test | 01-06-1992 | 01-04-2011 | 01-04-2011 | Retirement of Mohandas P.R. | 31-03-2011 |
| 31 | K. Vijayakumar | BA | 21-05-1963 | 14-08-1989 | PO Test | 01-01-1992 | 01-04-2011 | 01-04-2011 | Retirement of Babu K.N. | 31-03-2011 |
| 32 | P.N. Purushothaman | SSLC | 23-05-1959 | 02-08-1986 | PO Test | 01-04-1991 | 01-04-2011 | 01-04-2011 | Retirement of Sasidharan Pillai | 31-03-2011 |
| 33 | P. Dileep | SSLC | 31-05-1971 | 07-12-1995 | PO Test | 01-01-2006 | 01-04-2011 | 01-04-2011 | Retirement of K.G. Prakashan | 31-03-2011 |
| 34 | N. Remesan | SSLC Failed | 18-08-1956 | 09-09-1996 | PO Test | 02-02-2001 | 08-07-2011 | 01-04-2011 | Retirement of P.B. Joseph | 08-07-2011 |

***Sd/-***
**Excise Commissioner**